# INDIAN SCHOOL SOHAR

No of printed pages:5

**TERM - II EXAMINATION 2023 -2024**

**CLASS : IX** **MALAYALAM (012)** **MAX: MARK: 80**

**DATE : 20/02/2024** **TIME :3 HRS**

---

**General instructions**

**Section A : Reading Comprehension (VSAQ)**

**: Vocabulary Building & Poetry & Prose (M.C.Q) 40 Marks**

**Section B : Grammar, Composition**

**: Literature ( Poetry, Prose & Supplementary ) 40 Marks**

---

## എ വിഭാഗം / Section -A

1. **തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ശരിയുത്തരം എഴുതുക.** (8 x1=8)

(ഓരോന്നിനും 1 മാർക്ക് വീതം)

"രാഗങ്ങളോരോന്നേ ഗോകുല നായകൻ
മേളം കലർന്നങ്ങു പാടുന്നേരം
വൃന്ദാവനം തന്നിലുള്ളൊരു ജീവികൾ
നന്ദിച്ചു നിന്നുതേ മന്ദം മന്ദം.
ഷഡ്പദ മാലകളദ്ഭുതമായൊരു
പുഷ്പ രസത്തെ വെടിഞ്ഞുടനെ
ഗാനമായ് മേവിന തേനെക്കുടിപ്പാനായ്
ആനനം തങ്കലേ ചെന്നു പുക്കൂ.
കോകില ജാലങ്ങൾ കോലക്കുഴൽ കേട്ടു
മൂകങ്ങളായങ്ങു നിന്നു പോയി."

**ചോദ്യങ്ങൾ**

1. ഗാനത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?
2. കണ്ണന്റെ വേണു ഗാനം കേട്ട് അതിൽ മുഴുകി നിന്നത് ആരാണ് ?
3. ഗോകുല നായകൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ് ?
4. കുയിൽ എന്ന വാക്കിന് പകരം ഉപയോഗിച്ചിരിക്കുന്ന പദം ഏത് ?
5. നായിക എന്ന വാക്കിന്റെ എതിർലിംഗം ഏതാണ് ?
6. പുഷ്പ രസത്തെ വെടിഞ്ഞത് ആരാണ് ?
7. ഓടക്കുഴൽ നാദം കേട്ട് മൂകങ്ങളായി നിന്നു പോയത് ആരാണ് ?
8. മുഖം, വദനം എന്ന അർഥം വരുന്ന വാക്ക് കണ്ടെത്തി എഴുതുക.

2. **തന്നിരിക്കുന്ന പദ്യഭാഗം വായിച്ചു ശരിയുത്തരം എഴുതുക.** (7x1=7)

(ഓരോന്നിനും 1 മാർക്ക് വീതം)

നിങ്ങൾക്കുള്ളതുപോലെൻ നാട്ടിൽ
ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി!
കഥ പറയാറു, ണ്ടന്തിക്കോരോ
കവിതകൾ മാനത്തുലയുമ്പോൾ

വെള്ളരിയുടെ മലർമൊട്ടുകൾ മഞ്ഞ -
പ്പുള്ളികൾ കുത്തിയ പാടത്തിൽ
നീലക്കറുകക, ഉണ്ണി മുക്കുറ്റികൾ
ചേലവിരിച്ച വരമ്പിൻമേൽ,
കൂടും ഞങ്ങൾ മുത്തശ്ശിയുമായ്
കൂലിക്കാരുടെ കഥ പറയാൻ !
ദൂരെക്കായലിൽ മുങ്ങിത്തപ്പി
ചേറിൻ പാളികൾ കുത്തിപ്പൊക്കി
വയലിനു ചുറ്റും കോട്ട വളയ്ക്കും
കരിമലയന്മാർ പോകുമ്പോൾ,
ആകെ വിളർത്തു തളർന്നും, പട്ടിണി
പാകി വളർത്താൻ പണി ചെയ്തും,
തോളത്തോരോ തൂമ്പയുമായ്, തൊഴി-
ലാളികളാവഴി പോകുമ്പോൾ,
പറയാറുണ്ടാ, ത്യാഗത്തിൻ കഥ
പതിവായ് പതിവായ് മുത്തശ്ശി !

**ചോദ്യങ്ങൾ**

1. മുത്തശ്ശി എപ്പോഴാണ് കഥകൾ പറയുന്നത് ?
2. ആരുടെ ത്യാഗത്തിന്റെ കഥകളാണ് മുത്തശ്ശി പറയുന്നത്?
3. പാടവരമ്പിനെ ചേല വിരിച്ചതുപോലെ മനോഹരമാക്കുന്നത് എന്ത്?
4. മഞ്ഞപ്പുള്ളികൾ കുത്തിയതു പോലെ നിൽക്കുന്നത് എന്താണ് ?
5. കരിമലയന്മാർ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്?
6. ചേറിൻ പാളികൾ കൊണ്ട് എന്താണ് ചെയ്യുന്നത് ?
7. പണിചെയ്യുന്ന തൊഴിലാളികളുടെ അവസ്ഥ എന്ത് ?

3. **തന്നിരിക്കുന്ന 8 ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** (7X1 = 7)

1. മിഴി- മൊഴി എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എഴുതുക ?
   (കണ്ണ് - രത്നം , വാക്ക് - കണ്ണ്, കണ്ണ് - വാക്ക് )
2. ജീവൻ എന്ന പദത്തിന്റെ പര്യായ ശബ്ദമല്ലാത്ത പദം ഏത് ?
   (ചേതന, പ്രാണൻ, ചിത്തം )
3. ഇടയന്മാരുടെ രാജാവ് എന്ന അർത്ഥം വരുന്ന പദം ഏതാണ് ?
   (ആയർകുലം, ആഴിനേർവർണ്ണൻ, ആയർകോൻ)
4. ദൃഷ്ടിയിൽ എന്ന പദം പിരിച്ചെഴുതുക .
   (ദൃഷ്ടി + ഇൽ, ദൃഷ്ടി + യിൽ, ദൃഷ്ടിയി+ ഇൽ)
5. സൂക്ഷ്മം - വിപരീതപദം എഴുതുക ?
   (അസൂക്ഷ്മം, സ്ഥൂലം, അസ്ഥൂലം)
6. 'വിധി' എന്ന വാക്കിന്റെ നാനാർത്ഥം അല്ലാത്തത് ഏത് ?
   (കർമ്മഫലം, ആജ്ഞ, ഉത്സവം)
7. തന്നിരിക്കുന്നതിൽ ശരിയായ പദം ഏത് ?
   (അഭിമുഖം, അബിമുഖം, അഫിമുഖം)
8. കവി എതിർലിംഗം കണ്ടെത്തി എഴുതുക?
   (കവയത്രി, കവയിത്രി, കവിയിത്രി)

4. **തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ 9 എണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.**

(ഓരോന്നിനും 2 മാർക്ക് വീതം) (9 X 2=18)

1. "പുഞ്ചിരിയായൊരു തൂനിലാവേറ്റു നി-
ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ"

a). കൃഷ്ണന്റെ പുഞ്ചിരിയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?
(നിലാവിനോട് , പ്രകാശത്തോട്, താമരയോട്)

b). ആരുടെ മനസ്സിനെയാണ് ഇവിടെ ആമ്പലായി കൽപ്പിച്ചിരിക്കുന്നത് ?
(കൃഷ്ണന്റെ, അക്രൂരന്റെ, ഗോപസ്ത്രീകളുടെ)

2. "ദീനനായ് നിന്നൊരു ഞാനായ പൂവിൽ നി-
ന്നാനന്ദമാടിക്കളിക്കുമോ താൻ? "

a). ഈ വരികളിൽ ദീനൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ് ?
(കൃഷ്ണൻ, അക്രൂരൻ, കംസൻ)

b). ഈ വരികളിലെ ശബ്ദാലങ്കാര ഭംഗി?
(ദ്വിതീയാക്ഷരപ്രാസം, അനുപ്രാസം, ആദ്യാക്ഷരപ്രാസം )

3. "മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി -
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി"

a). മറ്റൊരു വണ്ടിക്കാള എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ്?
(കാളകളെ, വണ്ടിക്കാരനെ, പഥികരെ)

b). കാളകൾ എന്ന കവിത ഏത് കൃതിയിൽ നിന്നും എടുത്തതാണ്?
(ഓടക്കുഴലും ലാത്തിയും, വയലാർ ഗർജിക്കുന്നു, ഓർക്കുക വല്ലപ്പോഴും)

4. "മധ്യാഹ്നവും പ്രത്യഹമർധരാത്രം"

a). ആർക്കാണ് എപ്പോഴും അർദ്ധരാത്രിയായിട്ട് തോന്നുന്നത്?
(ശുഭം പ്രതീക്ഷിക്കുന്നവന്, മനസ്സിൽ നിരാശയുള്ളവന്, ദുഃഖമില്ലാത്തവന്)

b). അർദ്ധരാത്രിയായിട്ട് തോന്നുന്നതും എപ്പോഴാണ് ?
(ഉഷസ്സിൽ, സന്ധ്യയ്ക്ക്, നട്ടുച്ചയ്ക്ക് )

5. "സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികർ ശയിക്കുമ്പോൾ"

a). പഥികർ ശയിക്കുന്നത് എവിടെയാണ്?
(കാഞ്ഞിരമരത്തോപ്പിൽ, വിഷക്കാവിൽ, പേരാലിൻ ചുവട്ടിൽ)

b). ഈ സമയത്തും കാണുന്ന കാഴ്ച എന്ത്?
(കൃഷിക്കാർ വെള്ളം തേവുന്നത്, കാളവണ്ടിക്കാരൻ കാളവണ്ടി വലിക്കുന്നത്,
കന്യകമാർ പോകുന്നത് )

6. "സ്വർല്ലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു "

a). ആരാണ് കരഞ്ഞു നിന്നത് ?
(കുട്ടികൾ, വസന്തകാലം, തേന്മാവ്)

b). ആരോടാണ് കരഞ്ഞു പ്രാർത്ഥിച്ചത് ?
(വസന്ത ദേവനോട്, മായിക നഗരത്തോട്, കുട്ടികളോട്)

7. "സാഹസിക സഞ്ചാരിയായി മിഷണറിയായും അലഞ്ഞു"

a). ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
(ഡേവിഡ് ലിവിങ്സ്റ്റൺ, മൈക്കിൾ, വാഷിങ്ടൺ)

b). എവിടേക്ക് നടത്തിയ യാത്രയെ കുറിച്ചാണ് പറയുന്നത്?

( ആഫ്രിക്ക, അമേരിക്ക, ഇന്ത്യ )

8. "ഗുരുവാണ് നിരോധിച്ചത് "

a). ഇവിടെ ഗുരു എന്താണ് നിരോധിച്ചത് ?

(ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ, ലാളിത്യത്തെ, വ്യവസായങ്ങളെ)

b). പാഠഭാഗത്ത് പ്രതിപാദിക്കുന്ന ഗുരു ആരാണ്?

(ചട്ടമ്പിസ്വാമികൾ, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു)

9. "എനിക്ക് ജീവൻ തന്ന അമ്മയെ ശുശ്രൂഷിച്ചു കൊണ്ട് ഞാനൊരു ടാക്സി ഡ്രൈവറായി ജീവിക്കും"

a). ഇപ്രകാരം പറഞ്ഞത് ആരാണ് ?

( നിത്യ ചൈതന്യയതി, രാംഗോപാൽ മിശ്ര, കർത്താർസിങ് )

b). ഏത് കൃതിയിൽ നിന്നും എടുത്ത പാഠഭാഗത്തിലെ വരികൾ ആണിത് ?

( രണ്ട് ടാക്സിക്കാർ, മരണമെന്ന വാതിലിനപ്പുറം, കാളകൾ)

10. "ഒരു ജീവച്ഛവം പോലെ ഞാൻ റസ്റ്റോറന്റിലെ കസേരയിൽ ഇരുന്നു".

a). ആരാണ് ജീവച്ഛവം പോലെ ഇരുന്നത് ?

(ദാമോദർ ഗാവുങ്കർ, നിത്യ ചൈതന്യയതി, സ്റ്റേഷൻ മാസ്റ്റർ)

b). അങ്ങനെയിരിക്കാൻ കാരണം എന്ത്?

(ട്രെയിൻ നഷ്ടപ്പെട്ടത് കൊണ്ട്, സമയത്തിന് എത്തിച്ചേരാനാവാത്തതിനാൽ, ഓർമ്മ നഷ്ടപ്പെട്ടതിനാൽ)

## ബി വിഭാഗം / SECTION: B

**1. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക.** (2X1=2)

a. വാരണാസിയിൽ എത്തുന്നതിനു മുമ്പുള്ള സ്റ്റേഷനിൽ വച്ച് ഒരു വെയിറ്റർ ഊണ് കൊണ്ടുവന്നു.

b. നാമതിനെ എത്ര അഭിമുഖീകരിച്ചാലും വിക്ടോറിയ വെള്ളച്ചാട്ടം നമുക്ക് പിടി തരുന്നില്ല.

**2. പ്രയോഗം മാറ്റുക.** (2X1=2)

a. ഞാൻ വെയ്റ്റർക്ക് നൂറു രൂപ സമ്മാനമായി കൊടുത്തു.

b. നേതൃത്വം വിപരീതങ്ങളെ ആദർശവൽക്കരിക്കണം.

**3. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** (2X1=2)

a. വിഭജന സമയത്ത് എനിക്ക് അച്ഛനും പിതാവും സഹോദരനും നഷ്ടപ്പെട്ടു.

b. ചുരുങ്ങിയ സമയം കൊണ്ട് അവൻ പത്ത് പുസ്തകങ്ങൾ വായിച്ചു.

**4. ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** (2X1=2)

a. പ്രേരിപ്പിച്ചു b. അസഹനീയം c. അത്ഭുതകരം

**5. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച്
ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** (5)

കാർഷികരംഗം നേരിടുന്ന വെല്ലുവിളികൾ

OR

വായനയുടെ പ്രാധാന്യം.

**6. കത്ത് തയ്യാറാക്കുക.**

സ്ത്രീസംരക്ഷണം ഉറപ്പാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. (5)

**7.** വൃദ്ധയായ മാതാവിനെ വഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി കുടുംബാംഗങ്ങളെ പോലീസ് അന്വേഷിക്കുന്നു. പത്രവാർത്ത തയ്യാറാക്കുക. (4)

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക.** (2X3=6)

a. അതേ പ്രാർത്ഥന എന്ന കവിതയിൽ പ്രകൃതി നൽകുന്ന ജീവിതപാഠങ്ങൾ എന്തെല്ലാമാണ് ?

b. കാളകൾ എന്ന കവിതയിൽ വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്ന് വിശേഷിപ്പിക്കാൻ കാരണമെന്ത് ?

c. വിശ്വം ദീപമയം എന്ന കവിതയിലെ മിന്നാമിനുങ്ങ് ജീവിതത്തിന് നൽകുന്ന സന്ദേശം എന്ത് ?

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക.** (2 X3=6)

a. "എന്നാൽ ഇന്നും പ്രകാശത്തോടെ അയാൾ എന്റെ മനസ്സിൽ ജീവിക്കുന്നു"
ആരെക്കുറിച്ചാണ് പറയുന്നത് ? സന്ദർഭം വിശദമാക്കുക.

b. വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ അഴക് കണ്ടിട്ട് എസ്. കെ.പൊറ്റെക്കാട് എഴുതിയത് എന്താണ് ?

c. ആർഭാടം ഉന്മാദം ആകുന്നത് എങ്ങനെ?

**10. തന്നിരിക്കുന്നവയിൽ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (2X3=6)

a. നരേന്ദ്രൻ ശ്രീരാമകൃഷ്ണ പരമഹംസനുമായി കൂടി കാണാനിടയായ സാഹചര്യം വിവരിക്കുക ?

b. നരേന്ദ്രന്റെ വിപദി ധൈര്യം വെളിവാക്കുന്ന സംഭവം വിവരിക്കുക.

c. വിദ്യാർത്ഥിയായ നരേന്ദ്രന്റെ പ്രത്യേകതകൾ എന്തൊക്കെയായിരുന്നു ?

***************************************************